## ജനങ്ങളുടെ പരാതി പരിഹാരത്തിന് നിയമങ്ങളിൽ കാലാനുസൃത മാറ്റം വരുത്തും - മുഖ്യമന്ത്രി

അശരണരും ആലംബഹീനരുമായ സാധാരണ ജനങ്ങൾക്ക് അർഹതപ്പെട്ട സഹായം യഥാസമയം ലഭ്യമാക്കാൻ കഴിയുംവിധം ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃത മാറ്റങ്ങൾ വരുത്തുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി വ്യക്തമാക്കി.

കൊല്ലം ജില്ലാതല ജനസമ്പർക്ക പരിപാടി ഫാത്തിമ മാതാ കോളേജ് അങ്കണത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സാധാരണ ജനങ്ങളുടെ ദുരിതമകറ്റാൻ നിയമങ്ങളുടെയും ചട്ടങ്ങളുടെയും നൂലാമാലകൾ പരമാവധി ഒഴിവാക്കാനുള്ള സ്വാതന്ത്ര്യം ജീവനക്കാർക്ക് നൽകുമെന്ന് അദ്ദേഹം അറിയിച്ചു.

കഴിഞ്ഞ അഞ്ചു ജനസമ്പർക്ക പരിപാടികളിൽ ഉയർന്നുവന്ന പരാതികളുടെ അടിസ്ഥാനത്തിൽ എ പി എൽ കാർഡുടമകൾക്ക് ബി പി എൽ കാർഡു നൽകുവാൻ സംസ്ഥാന സർക്കാർ സ്വയം ആവിഷ്ക്കരിച്ച ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ കൃത്യമായ പരിശോധന നടത്തി നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അധികാരം നൽകുമെന്ന് അദ്ദേഹം പറഞ്ഞു. എ പി എൽ, ബി പി എൽ വേർതിരിവ് സംബന്ധിച്ച ന്യൂനതകൾ കേന്ദ്ര സർക്കാരിന്റെയും ആസൂത്രണ കമ്മീഷന്റെയും ശ്രദ്ധയിൽ സംസ്ഥാന സർക്കാർ പെടുത്തിയിട്ടുണ്ട്. അതിന്മേൽ തീരുമാനത്തിന് കാലതാമസം ഉണ്ടാകുമെന്നതിനാലും ഇത് ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്നും മനസിലാക്കിയതിനാലാണ് ഈ നടപടി.

സംസ്ഥാനത്ത് പതിനാലു ജില്ലകളിലെയും ജനസമ്പർക്ക പരിപാടി ഡിസംബർ മധ്യത്തോടെ പൂർത്തിയായിക്കഴിഞ്ഞാലും പ്രസ്തുത പരിപാടികളിൽ ലഭിച്ച പരിഹാരം അവശേഷിക്കുന്ന പരാതികളിൽ ഉചിതമായ പരിഹാരം കണ്ടെത്താൻ ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെയും കളക്ടറുടെയും നേതൃത്വത്തിൽ പ്രത്യേക സംവിധാനം രൂപപ്പെടുത്തുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

മുല്ലപ്പെരിയാർ പ്രശ്നത്തിൽ ജനങ്ങളുടെ സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകി കേന്ദ്ര സർക്കാരിന്റെയും തമിഴ്നാടിന്റെയും പൂർണ്ണ സഹകരണത്തോടെ പരിഹാരം കാണാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. കേരളത്തിന് സുരക്ഷ, തമിഴ്നാടിന് വെള്ളം എന്നതാണ് ഇക്കാര്യത്തിൽ സർക്കാരിന്റെ നയം. മുല്ലപ്പെരിയാർ ഉൾപ്പെടുന്ന മേഖലയിൽ ഉണ്ടാകുന്ന ഭൂചലനങ്ങൾ ജനങ്ങളുടെ ആശങ്ക വർദ്ധിപ്പിക്കുന്നുണ്ട്. ഇതിനുപരിഹാരമായി പുതിയ അണക്കെട്ട് വേണമെന്ന് തന്നെയാണ് സർക്കാർ നിലപാട്. സർക്കാരിന് സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും ഏതുവിധേനയും പണം കണ്ടെത്തി അണക്കെട്ട് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജനപ്രതിനിധികളുടെയും സർക്കാർ ജീവനക്കാരുടെയും കൂട്ടായ്മ കൊണ്ടാണ് ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ തീർപ്പാക്കാൻ കഴിയുന്നത്. ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികളിൽ ജനസൗഹൃദ നിലപാട് സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥ തലത്തിൽ പരിഹരിക്കാൻ കഴിയാതെ വരുന്ന പരാതികളുടെ പരിശോധന മുഖ്യമന്ത്രി തന്നെ നേരിട്ടു വീണ്ടും നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കാവുന്ന ജനസമ്പർക്ക പരിപാടി ചരിത്രസംഭവമാണെന്ന് ചടങ്ങിൽ സംസാരിച്ച തൊഴിൽ വകുപ്പുമന്ത്രി ഷിബു ബേബിജോൺ പറഞ്ഞു. ജില്ലയുടെ കിഴക്കൻ മലയോര പ്രദേശങ്ങളിലെയും പത്തനാപുരം, കോന്നി എന്നിവിടങ്ങളിലെയും കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്ന വിഷയവും അവിടങ്ങളിൽ നിന്നെത്തിയ ജനപ്രതിനിധികൾക്കു വേണ്ടി വനംമന്ത്രി കെ ബി ഗണേഷ് കുമാർ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി.

എം പി മാരായ എൻ.പീതാംബരക്കുറുപ്പ്, കൊടിക്കുന്നിൽ സുരേഷ് തുടങ്ങിയവർ സംസാരിച്ചു. ജില്ലാ കളക്ടർ പി ജി തോമസ് ഇത് ജില്ലയ്ക്ക് സന്തോഷപൂർവ്വമായദിനമാണെന്ന് ചൂണ്ടിക്കാട്ടി. ജില്ലയിലെ വിവിധ ജനപ്രതിനിധികളും പൊതു പ്രവർത്തകരും ഉദ്യോഗസ്ഥരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

### രാവിലെ അപേക്ഷ വൈകിട്ട് സഹായം

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ സഹായാർത്ഥം ലഭിക്കുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി വൈകിട്ടോടെ കൊല്ലം താലൂക്കാഫീസിൽ നിന്നും ചെക്ക് വിതരണം നടത്തും. ചികിത്സാ ധനസഹായത്തിനും എ പി എൽ കാർഡ് ബി പി എൽ ആക്കി മാറ്റുന്നതിനും പട്ടയം ലഭിക്കുന്നതിനുമുള്ള നിരവധി അപേക്ഷകൾ വേദിയിൽ മന്ത്രിമാരായ കെ ബി ഗണേഷ്കുമാറും ഷിബു ബേബി ജോണും ജില്ലാകളക്ടർ പി ജി തോമസും സ്വീകരിച്ചു.

### ജനസാഗരം സാക്ഷിയായി ജനസമ്പർക്ക പരിപാടി

ചുവപ്പുനാടയുടെ കാലവിളംബം തടസമാകാതെ അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് ഗ്രൗണ്ടിൽ ജനസാഗരം സാക്ഷിയായി. രാവിലെ മുഖ്യമന്ത്രി എത്തുമ്പോൾ തന്നെ അപേക്ഷകരും ജനപ്രതിനിധികളും കോളേജ് അങ്കണത്തിലും മുഖ്യവേദിക്ക് മുന്നിലും നിരന്നുകഴിഞ്ഞിരുന്നു. ജില്ലാ കളക്ടർ പി ജി തോമസ് ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് മുഖ്യമന്ത്രി ദീപം തെളിയിച്ച് പരിപാടി ഉദ്ഘാടനം ചെയ്തു. മന്ത്രിമാരായ ഷിബു ബേബി ജോൺ, കെ ബി ഗണേഷ്കുമാർ എം പി മാരായ എൻ പീതാംബരക്കുറുപ്പ്, കൊടിക്കുന്നിൽ സുരേഷ് തുടങ്ങിയവർ പ്രസംഗിച്ചു.

### ആദ്യസഹായം യേശുദാസന്

കടക്കെണിയിൽപ്പെട്ട് നട്ടംതിരിഞ്ഞ മത്സ്യത്തൊഴിലാളി തേവലക്കര ദാസ് ഭവനിൽ യേശുദാസന് ജനസമ്പർക്ക പരിപാടിയിൽ ആദ്യത്തെ സഹായം ലഭിച്ചു. മത്സ്യത്തൊഴിലിനായി ജില്ലാ സഹകരണ ബാങ്ക് തേവലക്കര ശാഖയിൽ നിന്നും ഒരു ലക്ഷം രൂപ കടമെടുത്തിരുന്നു. മത്സ്യബന്ധനം മെച്ചപ്പെടുത്താമെന്ന പ്രതീക്ഷയിലായിരുന്നു. എന്നാൽ സ്വപ്നങ്ങൾ തകർത്ത് സ്ട്രോക്ക്ബാധ കടം വീട്ടാനും കഴിയാത്ത അവസ്ഥയിലാക്കി.

ജനസമ്പർക്ക പരിപാടിയെക്കുറിച്ചറിഞ്ഞപ്പോഴാണ് കടമെഴുതിതള്ളാൻ ഉത്തരവാകണമെന്ന് അപേക്ഷിച്ച് പരാതി നൽകിയത്. കടം എഴുതിതള്ളൻ പ്രഥമ ആവലാതി പരിശോധിച്ച മുഖ്യമന്ത്രി ഉത്തരവിട്ടത് പ്രാരാബ്ധങ്ങൾക്കിടയിൽ ഉഴലുന്ന യേശുദാസന് ആശ്വാസമായി. ഒപ്പം ആദ്യ പരിഗണന ലഭിച്ചതിനും.

### ആനുകൂല്യ വിതരണത്തോടൊപ്പം മുഖ്യമന്ത്രി പരാതിക്കാർക്കിടയിലേക്ക്

കൊല്ലം താലൂക്കിലെ പത്തുപേർക്ക് വേദിയിൽ മന്ത്രിമാരായ ഷിബു ബേബിജോണും കെ ബി ഗണേഷ്കുമാറും പട്ടയവിതരണം നടത്തി. ഉളിയക്കോവിൽ, പാരിപ്പള്ളി പുരയിടത്തിൽ വൃദ്ധയായ ഭാരതിക്കായിരുന്നു ആദ്യവിതരണം. ഇത്തിക്കരയാറ്റിൽ മുങ്ങിമരിച്ച കുട്ടികളുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായവിതരണമാണ് തുടർന്ന് നടന്നത്. മയ്യനാട് ശ്രീഭവനത്ത് ശ്രീജേഷ്, ആലയിൽ അജാസ്, സിംലയിൽ സഞ്ജയ് തുടങ്ങിയവരുടെ കുടുംബാംഗങ്ങൾക്ക് രണ്ടുലക്ഷം വീതമാണ് ധനസഹായം നൽകിയത്. ഭർത്താവ് തെങ്ങിൽ നിന്നും വീണുമരിച്ച സുധർമ്മിണിക്ക് ഒരുലക്ഷം രൂപയുടെ സഹായം ലഭിച്ചു.

കൊല്ലം താലൂക്കിലെ പ്രകൃതിക്ഷോഭ-ദുരിതാശ്വാസ വിതരണഭാഗമായി തൃക്കോവിൽവട്ടം മനോജ് ഭവനിൽ ലളിതയ്ക്ക് അറുപത്തിഅയ്യായിരം രൂപയുടെ ധനസഹായം ലഭിച്ചു. ഇതേതുകയ്ക്ക് കല്ലുവാതുക്കൽ ബിന്ദു ഭവനിൽ സുധീന്ദ്രനും ധനസഹായം അനുവദിച്ചു.

### മുഖ്യമന്ത്രിയുടെ വാക്കുകളിൽ അമലിന്റെ അമ്മയ്ക്ക് ആശ്വാസം

ഒരുവയസിൽ തന്നെ മൂത്തമകൻ തളർന്നു വീണതിന്റെ ആഘാതം ഉള്ളിലൊതുക്കി 25 വർഷമായി മകന്റെ നിഴൽപോലെ നിൽക്കുകയാണ് അമ്മ അനില. ഒരുവയസുള്ളപ്പോൾ ഒരു പനി വന്നതാണ്. പിന്നീട് ശരീരം തളർന്നു. ഡോക്ടർമാർ കൈയൊഴിഞ്ഞു. ചികിത്സാ ചെലവു കണ്ടെത്തുക എന്ന ബാധ്യത അച്ഛൻ മോഹനനെയും അലട്ടിയിരുന്നു.

എഴുകോണിൽ കരിങ്ങാലിവിള വീട്ടിൽ താമസിക്കുന്ന ദമ്പതികളുടെ രണ്ടുമക്കളിൽ മൂത്തതാണ് അമൽ. പരസഹായമില്ലാതെ ഒന്നും ചെയ്യാനാകാത്ത അവസ്ഥയിലുള്ള അമലിന് പ്രതികരണശേഷിയും കുറവാണ്.

രണ്ടാമത്തെ അപേക്ഷകനായി ജനസമ്പർക്ക പരിപാടിയിലെത്തിയ അമലിന്റെ ചികിത്സാ രേഖകൾ പരിശോധിച്ച മുഖ്യമന്ത്രി അമലിനോട് ചോദിച്ചവയിൽ പ്രതികരണം കണ്ടില്ല. തുടർന്ന് 25000 രൂപ അടിയന്തിര സഹായം നൽകാൻ മുഖ്യമന്ത്രി ഉത്തരവിട്ടു. ഒപ്പം മാസം മുന്നൂറ് രൂപ പെൻഷൻ നൽകാൻ നടപടിയ്ക്കായി ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകി.

മുഖ്യമന്ത്രിയുടെ വാക്കുകൾ കേട്ട അമലിന്റെ അമ്മ നിറകണ്ണുകളോടെ തൊഴുത് നന്ദി പറഞ്ഞു.